LIBRARY ARCHIVES Kerala Legislative Assembly

ചേർത്തല മുതൽ പാറശ്ശാല വരെ ദേശീയപാത നാലുവരിയാക്കാൻ നടപടി

43 [3215] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മുതൽ പാറശ്ശാല വരെ ദേശീയപാത 47 നാലുവരിയാക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച കേന്ദ്ര നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) ചേർത്തല മുതൽ കന്യാകുമാരി വരെ എൻ.എച്ച്. 47 നാലുവരിപ്പാതയാക്കുന്നതിനുള്ള സാധ്യതാ പഠനം നടന്നുവരുന്നു. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ P.M.B.J.P. (Prime Ministers Bharath Jodo Pariyojana) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പാലക്കാട് കുളപ്പുള്ളി ഹൈവേ നിർമ്മാണം

44 [3216] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കുളപ്പുള്ളി ഹൈവേ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഹൈവേ നിർമ്മാണത്തിൽ കിഴക്കെ ഒറ്റപ്പാലത്തെ പാലം, പറളിപാലം എന്നിവയുടെ പുനർനിർമ്മാണം ഉൾപ്പെട്ടിട്ടുണ്ടോ;

(സി) പാലക്കാട്-കുളപ്പുള്ളി ഹൈവേ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ പ്രവൃത്തിയുടെ മൊത്തം ചെലവ് എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കിവരുന്ന റോഡ് വികസന പദ്ധതിയിൽ (കെ.എസ്.ടി.പി.) ഉൾപ്പെടുന്ന ഈ റോഡിന്റെ നിർമ്മാണ ജോലികൾ കനത്ത കാലവർഷത്തെ തുടർന്ന് തടസ്സപ്പെട്ടിരുന്നുവെങ്കിലും ഇപ്പോൾ പണികൾ ധൃതഗതിയിൽ പുരോഗമിച്ചുവരുന്നു.